കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - കാലവർഷക്കെടുതി - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

================================================================

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

സ.ഉ.(അച്ചടി) നം.144/2018/ധന. തീയതി, തിരുവനന്തപുരം, 11.09.2018

================================================================

## ഉത്തരവ്

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുരുങ്ങിയത് 30000 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 10000 കോടി രൂപയോളം റവന്യൂ വരുമാനത്തിലൂടെ സമാഹരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും പെൻഷൻകാരുടെ ഒരു മാസത്തെ പെൻഷനും വഴി 3800 കോടി രൂപയോളം സമാഹരിക്കുവാൻ കഴിയുന്നതാണ്. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും മറ്റുള്ള വരുമാനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം/വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും മറ്റുള്ളവരുടെയും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നത് സംബന്ധിച്ച് സർക്കാർ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. ഒരു മാസത്തെ ശമ്പളത്തുക കണക്കാക്കേണ്ടത് 2018 സെപ്റ്റംബർ മാസത്തെ ഗ്രോസ് സാലറി അടിസ്ഥാനമാക്കിയാണ്.
2. ഒരു മാസത്തെ ആകെ ശമ്പളത്തിനു തുല്യമായ തുക പരമാവധി 10 ഗഡുക്കളായി

നൽകാവുന്നതാണ്.

3. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ജീവനക്കാർ മുൻപ് സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയത് ഒരു മാസത്തെ ശമ്പളത്തുകയിൽ നിന്നും കുറവു വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി സ്വീകരിക്കുന്നതാണ്. ഇതിനായി ജീവനക്കാർ രസീത് സഹിതം ഡി.ഡി ഒ മാർക്ക് അപേക്ഷ നൽകേണ്ടതാണ്.
4. ഇൻകം ടാക്സ് റൂൾ 80G പ്രകാരം ഇളവിനു അർഹതയുള്ളവർക്ക് ബന്ധപ്പെട്ട ഡി.ഡി. ഒ മാർ അതാതു സാമ്പത്തിക വർഷം ഇളവു നൽകേണ്ടതാണ്.
5. ജീവനക്കാർ ശമ്പളത്തിൽ നിന്നു സംഭാവനയായി നൽകുന്ന തുക 2018 സെപ്റ്റംബർ മാസത്തെ ശമ്പളം മുതൽ കുറവു വരുത്തിത്തുടങ്ങേണ്ടതാണ്.
6. ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും സെപ്ററംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കാവുന്നതാണ്. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.
7. ജീവനക്കാർക്ക് താൽപര്യമുള്ള പക്ഷം, ഒരു മാസത്തെ ശമ്പളം നൽകുന്നതിനു പകരമായി സെപ്റ്റംബർ മാസത്തെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് അവധി ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകാവുന്നതാണ്. എന്നാൽ നടപ്പ സാമ്പത്തിക വർഷം ഒരു പ്രാവശ്യം സറണ്ടർ ചെയ്ത് കഴിഞ്ഞ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ 30 ദിവസത്തെ അവധി അവശേഷിക്കുന്നുവെങ്കിൽ ദുരിതാശ്വാസ നിധിയിൽ അടയ്ക്കുന്നതിനു വേണ്ടി അവർക്ക് ഒരു പ്രാവശ്യം കൂടെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകുന്നു. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.
8. പത്തു മാസം കൊണ്ട് ഗ്രോസ് സാലറി സംഭാവന ചെയ്യാൻ സാധിക്കാത്ത ജീവനക്കാർക്ക് പി എഫ് വായ്പാ തിരിച്ചടവിന് സെപ്റ്റംബർ 2018 ലെ ശമ്പളം മുതൽ പത്തു മാസത്തേക്കു അവധി അനുവദിക്കുന്നു. എന്നാൽ തിരിച്ചടവ് കാലാവധിക്ക് മുൻപ് റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ തിരിച്ചടവിൽ ബാക്കിയുള്ള തുക അവരുടെ ഡി സി ആർ ജി യിൽ ക്രമീകരിക്കുന്നതായിരിക്കും .ഇതിനായി പി.എഫ് ചട്ടങ്ങൾ ഇളവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.
9. ശമ്പള പരിഷ്കരണ കുടിശികയ്ക്ക് അർഹതയുള്ള ജീവനക്കാരുടെ കുടിശിക ഇതിലേക്ക് വരവ് ചെയ്യാവുന്നതാണ് .ഇങ്ങനെയുള്ളവരുടെ കുടിശിക ഇതിലേക്ക് വരവ് ചെയ്തതിനു ശേഷം ബാക്കിയുള്ള തുക ഒറ്റതവണയായോ പരമാവധി 10 ഗഡുക്കളായോ നൽകാവുന്നതാണ്
10. ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകുന്നതിന് വിമുഖതയുള്ള ജീവനക്കാർ ഒഴികെ ബാക്കി എല്ലാ ജീവനക്കാരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ് . സംഭാവനയായി നൽകുന്നതിന് വിമുഖതയുള്ള ജീവനക്കാർ അനുബന്ധമായി നൽകിയിരിക്കുന്ന പ്രസ്താവന സെപ്റ്റംബർ മാസം ഇരുപത്തി രണ്ടാം തീയതിക്ക് മുൻപേ ബന്ധപ്പെട്ട ഡി.ഡി. ഒ മാരെ അറിയിക്കേണ്ടതാണ് .
11. സംഭാവന നല്കാൻ സമ്മതമല്ല എന്ന പ്രസ്താവന സമർപ്പിച്ച ജീവനക്കാർ ഒഴികെയുള്ളവരുടെ സംഭാവന ബന്ധപ്പെട്ട ഡി.ഡി. ഒ മാർ സ്പാർക്ക് മുഖേന ശമ്പളത്തിൽ

ഒഴികെയുള്ളവരുടെ സംഭാവന ബന്ധപ്പെട്ട ഡി.ഡി. ഒ മാർ സ്പാർക്ക് മുഖേന ശമ്പളത്തിൽ നിന്നു കുറവ് ചെയ്ത് ഇതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**പി. ജയലക്ഷ്മി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, ട്രഷറി
എല്ലാ ജില്ലാ /സബ് ട്രഷറി
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം
സെക്രട്ടറിയേറ്റ്, എല്ലാ വകുപ്പുകളും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സർവ്വകലാശാലകൾ, കേരള
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും
പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,
സെക്രട്ടറി , ഗവർണർ
സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, കേരള, തിരുവനന്തപുരം
പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ
പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, ഡപ്യൂട്ടി സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്
അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറി
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി, കേരള മനുഷ്യവകാശ കമ്മീഷൻ

നോഡൽ ഓഫിസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# പ്രസ്താവന

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്റെ ഒരു മാസത്തെ ശമ്പളത്തിനു തുല്യമായ തുക നൽകുന്നതിന് സമ്മതമല്ലെന്ന് അറിയിക്കുന്നു.

ഒപ്പ് :

തീയതി :

പേര് :

സ്ഥലം :

പെൻ. :

ഉദ്യോഗപ്പേര് :

ഓഫീസ് :